തളിപ്പറമ്പ മർച്ചന്റ്സ് അസോസിയേഷൻ ജനറൽ ബോഡി യോഗം ജില്ലാ ട്രഷറർ എം.പി. തിലകൻ ഉദ്ഘാടനം ചെയ്യുന്നു.

മർച്ചന്റ്സ് അസോസിയേഷൻ ജനറൽബോഡി യോഗം ആരംഭിച്ചു

തളിപ്പറമ്പ: തളിപ്പറമ്പ് മർച്ചന്റ്സ് അസോസിയേഷൻ വാർഷിക ജനറൽ ബോഡി യോഗത്തിന് കപ്പാലം വ്യാപാരഭവനിൽ തുടക്കമായി. ജില്ലാ ട്രഷറർ എം.പി. തിലകൻ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡണ്ട് കെ.എസ്. റിയാസ് അധ്യക്ഷത വഹിച്ചു. പ്രസ് ഫോറം പ്രസിഡണ്ട് എം.കെ. മനോഹരൻ റിപ്പോർട്ട് പ്രകാശനം ചെയ്തു. മുഹമ്മദ് സ്വീകരിച്ചു. ഉന്നത വിജയികൾക്കുള്ള അവാർഡ് വിതരണം സി.ഐ കെ.ജെ വിനോയിയും ദുരിതാശ്വാസ സഹായ വിതരണം കെ. മുസ്തഫ ഹാജിയും നിർവ്വഹിച്ചു. വി. താജുദ്ദീൻ, ടി. ജയരാജൻ കണക്കുകൾ അവതരിപ്പിച്ചു. കൗൺസിലർമാരായ പി.പി. നിസാർ, കെ. ഹഫ്സത്ത്, യൂത്ത് ജില്ലാ കോ-ഓഡിനേറ്റർ വി.കെ. സുമിത്രൻ, ജില്ലാ സെക്രട്ടറി സായി കിഷോർ, കെ.പി. ലുക്മാൻ സംസാരിച്ചു. ഇബ്രാഹിം ലബനീസ് നന്ദി പറഞ്ഞു.

മൽസ്യ ലോറി മറിഞ്ഞു

ചെറുകുന്ന്: പുന്നച്ചേരി പെട്രോൾപമ്പിന് സമീപം ഇന്ന് പുലർച്ചെ മൽസ്യം കയറ്റിവരികയായിരുന്ന ലോറി നിയന്ത്രണം വിട്ട് തെങ്ങുകൾ ഇടിച്ച് തകർത്ത് മറിഞ്ഞു. മുംബൈയിൽ നിന്ന് കോഴിക്കോടേക്ക് പോവുകയായിരുന്ന ലോറിയാണ് അഞ്ച് മണിയോടെ അപകടത്തിൽപ്പെട്ടത്. മൂന്ന് തെങ്ങുകൾ ഇടിച്ച് തകർത്താണ് മറിഞ്ഞത്. ലോറിയിലുണ്ടായിരുന്ന മഹാരാഷ്ട്ര സ്വദേശിയായ ക്ലീനർക്ക് നിസാര പരിക്കേറ്റു.

മുംബൈയിൽ നിര്യാതനായി

തളിപ്പറമ്പ: പൂക്കോത്ത്തെരു ഭഗവതി ക്ഷേത്രത്തിന് സമീപത്തെ തോട്ട്യൻ രാമന്റെ മകൻ തോട്ട്യൻ നാരായണൻ (70) മുംബൈയിൽ നിര്യാതനായി. ഭാര്യ: ലത. മകൻ: ശാരംഗ്. മരുമകൾ: സുനിത. സഹോദരങ്ങൾ: കാർത്ത്യായനി, ഗോപാലൻ, ഗൗരി, പരേതരായ പാർവതി, ബാലകൃഷ്ണൻ. സംസ്കാരം നാളെ രാവിലെ പത്ത് മണിക്ക് പൂക്കോത്ത്തെരു സമുദായ ശ്മശാനത്തിൽ.

പിഞ്ചുകുഞ്ഞ് ഉറക്കത്തിൽ മരിച്ചു

തളിപ്പറമ്പ: മാതാപിതാക്കൾക്കൊപ്പം കിടന്നുറങ്ങിയ പിഞ്ചു കുഞ്ഞ് ഉറക്കത്തിൽ മരിച്ചനിലയിൽ. ബക്കളം മൈലാട്ട് നാത്തിലിലെ അബ്ദുൾറഹ്മാൻ- റിസ്‌വാന ദമ്പതികളുടെ 45 ദിവസം പ്രായമുള്ള മകൻ അസ്‌റുറഹ്മാനാണ് മരിച്ചത്. ഇന്നലെ രാത്രി ഇരുവർക്കുമൊപ്പം കിടന്നുറങ്ങിയ കുട്ടിക്ക് പുലർച്ചെയോടെ അനക്കമില്ലെന്ന് കണ്ടതിനെ തുടർന്ന് ലൂർദ് ആശുപത്രിയിലും പരിയാരം മെഡിക്കൽ കോളേജിലും എത്തിച്ചുവെങ്കിലും മരണം ഉറപ്പിക്കുകയായിരുന്നു.

പ്രളയം: കോർപ്പറേറ്റ്‌വൽക്കരണത്തിന് എതിരെ പരോക്ഷ വിമർശനവുമായി സി.ഐ.ടി.യു

കണ്ണൂർ: പ്രളയത്തെ തുടർന്ന് കേരളത്തിന്റെ പുനർനിർമ്മാണം കോർപ്പറേറ്റുകളെ ഏൽപ്പിച്ചതിന് എതിരെ പരോക്ഷ വിമർശനവുമായി സി.ഐ.ടി.യു. സംഘടനയുടെ 'സി.ഐ.ടി.യു സന്ദേശം' എന്ന പ്രസിദ്ധീകരണത്തിന്റെ സപ്തംബർ ലക്കത്തിലാണ് വിമർശനം. 'ദുരന്തങ്ങളും ദുരന്തമുതലാളിത്തവും' എന്ന തലക്കെട്ടിൽ ലേഖകന്റെ പേര് വെക്കാതെ എഴുതിയ ലേഖനം ലോകത്തിന്റെ പലഭാഗങ്ങളിലും നടന്ന പ്രകൃതി ദുരന്തങ്ങളെ പരാമർശിച്ചുകൊണ്ടാണ് തുടങ്ങുന്നത്.

കേരളം നൂറ്റാണ്ടിലെ തന്നെ ഏറ്റവും വലിയ പ്രളയം നേരിട്ട ഈ അവസരത്തിൽ ഭൂമിയുടെ ചരിത്രത്തിലുണ്ടായ ഏറ്റവും വലിയ ചില പ്രളയങ്ങളിലേക്ക് ഒരെത്തിനോട്ടം നടത്താം എന്ന് ചൂണ്ടിക്കാട്ടിയാണ് ലേഖനം ആരംഭിക്കുന്നത്. മുതലാളിത്തം ദുരന്തങ്ങളെ എങ്ങനെ ഉപയോഗിക്കുന്നു എന്നും പരിശോധിക്കാമെന്ന് തൊട്ടടുത്ത വരിയിൽ വ്യക്തമാക്കുന്നു.

വിവിധ ദുരന്തങ്ങളെ പരാമർശിച്ച ശേഷം 'ദുരന്ത മുതലാളിത്തം' എന്ന തലക്കെട്ടിലാണ് വിവാദ പരാമർശമുള്ളത്. "ദുരന്തം മുതലാളിത്തത്തിന്റെ ഏറ്റവും ക്രൂരമായ മുഖം എങ്ങനെ പ്രദർശിപ്പിച്ചു" എന്ന് പ്രസിദ്ധ എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമായ 'നവോമിക്ലീൻ' 'ഗാർഡിയൻ' പത്രത്തിൽ കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച 'അധികാരം എങ്ങനെ ദുരന്തങ്ങളിൽ നിന്ന് ലാഭമുണ്ടാക്കുന്നു' എന്ന ലേഖനത്തിൽ വിശദമാക്കുന്നുണ്ട്" എന്ന് 'സി.ഐ.ടി.യു സന്ദേശം' ചൂണ്ടിക്കാണിക്കുന്നു. "ന്യൂ ഓർലീൻസിലെ പ്രളയ ദുരന്തത്തിന് ശേഷം സ്വകാര്യ സേനാ കോൺട്രാക്ടർമാരും റിയൽ എസ്റ്റേറ്റുകാരും എങ്ങനെയാണ് ദുരന്തത്തെ തങ്ങൾക്ക് വൻ ലാഭമുണ്ടാക്കാനുള്ള അവസരമാക്കിയതെന്ന് നവോമിക്ലീൻ ആ ലേഖനത്തിൽ വിവരിക്കുന്നുണ്ട്. ന്യൂ ഓർലീൻസിലെ വലിയ നാശനഷ്ടം സംഭവിക്കാത്ത പാവപ്പെട്ടവരുടെ വാസസ്ഥലങ്ങൾ പലതും സ്വകാര്യസേനകൾ തോക്കുചൂണ്ടി ഒഴിപ്പിച്ചു. റിയൽ എസ്റ്റേറ്റുകൾ പൊതുവാസ സ്ഥലങ്ങൾ ഇടിച്ചു നിരത്തി അവിടെ പുതിയ ഫ്ളാറ്റുകൾ പണിതുയർത്തി, വലിയ വിലക്കുവിറ്റു. പാവപ്പെട്ട മനുഷ്യർക്ക് അത് വാങ്ങാൻ കഴിയുമായിരുന്നില്ല. ഈ അവസരം ഉപയോഗിച്ച് സ്കൂളുകൾ സ്വകാര്യവൽക്കരിക്കണമെന്ന് മിൽറ്റൻ ഫ്രീഡ്മാനെ പോലെയുള്ള നവലിബറൽ സാമ്പത്തിക ശാസ്ത്രജ്ഞർ വാദിക്കുകയും ചെയ്തു." എന്ന് വ്യക്തമാക്കിയ ശേഷം "നവലിബറൽ സാമ്പത്തിക ശാസ്ത്രജ്ഞരും ഉപദേശകരും എല്ലാം മുതലാളിത്തത്തിന്റെ പാദസേവകരായേ ദുരന്തകാലത്തും വർത്തിക്കൂ" എന്ന് എടുത്തുപറയുകയും ചെയ്യുന്നുണ്ട്. നവലിബറൽ സാമ്പത്തിക ശാസ്ത്രജ്ഞ ഗീതാ ഗോപിനാഥിനെ മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേശകയായി നിയമിക്കുകയും പ്രളയകാലത്തിന് ശേഷം കേരളത്തിന്റെ പുനർനിർമ്മിതി കോർപ്പറേറ്റ് കമ്പനിയായി കെ.പി.എം.ജിയെ ഏൽപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ 'സി.ഐ.ടി.യു സന്ദേശ'ത്തിലെ ലേഖനം സംസ്ഥാന സർക്കാരിന് എതിരെയുള്ള പരോക്ഷ വിമർശനമായാണ് കണക്കാക്കുന്നത്.

കരുവഞ്ചാൽ ഗണേശൻ അവശനിലയിൽ; പ്രാർത്ഥനകളോടെ ആന പ്രേമികൾ



അവശനിലയിലായ കരുവഞ്ചാൽ ഗണേശനെ എഴുന്നേൽപ്പിക്കാൻ ശ്രമം നടക്കുന്നു.

ആലക്കോട്: ഉത്തര മലബാറിലെ തലയെടുപ്പുള്ള ഗജവീരൻമാരിൽ പ്രമുഖനായ കരുവഞ്ചാൽ ഗണേശൻ അവശനിലയിലായത് ആന പ്രേമികളെ സങ്കടത്തിലാഴ്ത്തി. കരുവഞ്ചാലിന് സമീപം കല്ലൊടിയിലെ പുല്ലാട്ട് വക്കച്ചന്റെ ഉടമസ്ഥതയിലുള്ള ആനയാണ് ഗണേശൻ. ആലക്കോട്- കരുവഞ്ചാൽ റോഡിനോട് ചേർന്നുള്ള വക്കച്ചന്റെ വീടിന് സമീപത്ത് കെട്ടിയിരുന്ന ആനയെ അവശനിലയിൽ കണ്ടെത്തുകയായിരുന്നു. നിലത്ത് നിന്ന് എഴുന്നേൽക്കാൻ കഴിയാത്ത അവസ്ഥയിലായ ഗണേശന് കടുത്ത പനി ബാധിച്ചതാണ് അവശനിലയിലാക്കിയത്. തൃശൂരിൽ നിന്ന് വെറ്റിനറി ഡോക്ടർമാർ ഉൾപ്പെട്ട വിദഗ്ധ സംഘം സ്ഥലത്തെത്തി ആനയെ പൂർവ്വ സ്ഥിതിയിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. സംഭവമറിഞ്ഞയുടൻ നൂറുകണക്കിന് ആന പ്രേമികളാണ് സ്ഥലത്തേക്ക് എത്തിക്കൊണ്ടിരിക്കുന്നത്. മലയോരത്തിന്റെ യശസുയർത്തി ഗജരാജപട്ടം നേടിയ ഗണേശന്റെ തിരിച്ചുവരവിനായുള്ള പ്രാർത്ഥനകളോടെയാണ് ആന പ്രേമികൾ സ്ഥലത്ത് തടിച്ച് കൂടിയിരിക്കുന്നത്. തൃശൂരിലെ വെറ്റിനറി സർജൻ ഡോ. ഗിരിദാസിന്റെ നേതൃത്വത്തിലാണ് ചികിത്സ.

കണ്ണൂർ നഗരത്തിലെ അനധികൃത ഫ്ളക്സ് ബോർഡുകൾ നീക്കം ചെയ്തു തുടങ്ങി

കണ്ണൂർ: അനധികൃതമായി സ്ഥാപിച്ച ഫ്ളക്സ് ബോർഡുകൾ നീക്കം ചെയ്യാൻ കോർപ്പറേഷൻ അധികൃതർ നടപടി തുടങ്ങി. ഇതിന്റെ ഭാഗമായി ഇന്ന് രാവിലെ മുതൽ റെയിൽവേ സ്റ്റേഷൻ റോഡിലെ ഫ്ളക്സ് ബോർഡുകൾ ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് നീക്കം ചെയ്തു. കാൽനടയാത്രക്കാർക്കും വാഹന യാത്രക്കാർക്കും അപകടം വരുത്തിവെക്കുന്ന നിലയിൽ സ്ഥാപിച്ച ഫ്ളക്സ് ബോർഡുകളാണ് നീക്കം ചെയ്തത്. കോർപ്പറേഷൻ സെക്രട്ടറി രാധാകൃഷ്ണന്റെ നിർദേശപ്രകാരം ഹെൽത്ത് ഇൻസ്പെക്ടർമാരായ അബ്ദുൾസത്താർ, ഹംസ, ബോബിഷ് എന്നിവരുടെ നേതൃത്വത്തിലാണ് ഇവ എടുത്തുമാറ്റിയത്. അനധികൃത ഫ്ളക്സ് ബോർഡുകൾക്കെതിരെ വരും ദിനങ്ങളിലും കർശന നടപടി തുടരുമെന്ന് നഗരസഭ അധികൃതർ വ്യക്തമാക്കി.

കണ്ണൂരിൽ ഫ്ളക്സ് ബോർഡുകൾ കോർപ്പറേഷൻ അധികൃതർ നീക്കം ചെയ്യുന്നു.

പേമാരിയിൽ മുങ്ങി മലയോരം: ഇടിമിന്നലേറ്റ് നിരവധി വീടുകൾ തകർന്നു; വൻ നാശനഷ്ടം



ഇടിമിന്നലേറ്റ് ഒറ്റമുണ്ടയിലെ മരങ്ങാട്ടുകുളത്തിൽ കുട്ടപ്പന്റെ വീടിന്റെ ഭിത്തി തകർന്ന നിലയിൽ. കത്തിനശിച്ച ടി.വിയും

ആലക്കോട്: രണ്ട് ദിവസമായി തുടരുന്ന കനത്ത മഴ മലയോരത്ത് വ്യാപക നാശം വിതച്ചു. ഇന്നലെ വൈകുന്നേരമുണ്ടായ പേമാരിയും ഇടിമിന്നലുമാണ് വൻ നാശം വിതച്ചത്. മണിക്കൂറുകൾ നീണ്ടുനിന്ന മഴ ഏറെ നേരത്തേക്ക് ജനജീവിതം സ്തംഭിപ്പിച്ചു. ആളുകൾക്ക് പുറത്തിറങ്ങാൻ പോലും കഴിയാത്തവിധത്തിലുള്ള മഴയാണ് അനുഭവപ്പെട്ടത്. ഇടിമിന്നലിൽ ആലക്കോട്, തേർത്തല്ലി മേഖലകളിലായി അഞ്ചോളം വീടുകൾ തകർന്നു. കൊട്ടയാട് ഒറ്റമുണ്ടയിലെ മരങ്ങാട്ടുകുളത്തിൽ കുട്ടപ്പൻ (80), നെടുമ്പുറത്ത് കിഴക്കേതിൽ ജനാർദ്ദനൻപിള്ള, പുലിക്കിരി ബാലൻ, തേർത്തല്ലി മേരിഗിരിയിലെ മാടപ്പള്ളി ചാക്കോ, മുളന്താനം ജോസഫ് (കുഞ്ഞ്) എന്നിവരുടെ വീടുകളാണ് തകർന്നത്. കുട്ടപ്പന്റെ വീട് ഇടിമിന്നലിന്റെ ആഘാതത്തിൽ പൂർണ്ണമായി ചിന്നിച്ചിതറിയ നിലയിലാണ്. ഭിത്തിയും മേൽക്കൂരയും ജനൽഗ്ലാസും, ടി.വി ഉൾപ്പെടെയുള്ള മുഴുവൻ ഇലക്ട്രോണിക്സ് ഉപകരണങ്ങളും പൂർണ്ണമായി നശിച്ചു. വയറിംഗും കത്തി നശിച്ചു. ഇന്നലെ ഉച്ചക്ക് ഒന്നരയോടെയായിരുന്നു സംഭവം. കുട്ടപ്പനും ഭാര്യ ജാനുവും മകൻ സതീഷിന്റെ ഭാര്യ സംഗീതയുമാണ് ഈ സമയം വീട്ടിലുണ്ടായിരുന്നത്. വൻ ദുരന്തത്തിൽ നിന്ന് ഇവർ അത്ഭുതകരമായാണ് രക്ഷപ്പെട്ടത്. ആലക്കോട് വില്ലേജ് ഓഫീസർ ജോസ് സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ അധികൃതർ സ്ഥലം സന്ദർശിച്ചു. രണ്ട് ലക്ഷത്തിലധികം രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു. ജനാർദ്ദനൻ പിള്ളയുടെയും പുലിക്കിരി ബാലന്റെയും വീട്ടിലെ വയറിംഗുകൾ കത്തി നശിച്ചു. ബാലന്റെ സഹോദരൻ കുഞ്ഞിരാമനും ഭാര്യ ജാനകിയുമാണ്(54) ഇവിടെ താമസിക്കുന്നത്. ഇടിമിന്നലിൽ ഷോക്കേറ്റ ജാനകിക്ക് കരുവഞ്ചാലിലെ ആശുപത്രിയിൽ ചികിൽസ നൽകി. ചാക്കോയുടെ വീട്ടിലെ മുഴുവൻ ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഭിത്തിയും നശിച്ചു. ഇടിമിന്നലേറ്റ് മുറ്റം ഇടിഞ്ഞ നിലയിലാണ്. ജോസഫിന്റെ വീട്ടിലെ ഫ്രിഡ്ജ് ഉൾപ്പെടെയുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങളും കത്തി നശിച്ചു. ലക്ഷങ്ങളുടെ നാശനഷ്ടമാണ് മലയോരത്തെങ്ങും സംഭവിച്ചത്.

ഗ്ലാസുകൾ തകർത്തു

ചെറുപുഴ: കടയുടെ പുറത്ത് വിൽപ്പനയ്ക്കായി സൂക്ഷിച്ച കാൽലക്ഷത്തോളം രൂപ വിലമതിക്കുന്ന ചില്ല് ഗ്ലാസുകൾ സാമൂഹ്യവിരുദ്ധർ അടിച്ച് തകർത്തതായി പരാതി. ചെറുപുഴ അമ്പലം റോഡിന് സമീപത്തെ ഇന്ത്യൻ ഗ്ലാസ് ഹൗസിന് മുന്നിൽ സൂക്ഷിച്ച ഗ്ലാസുകളാണ് കഴിഞ്ഞ ദിവസം രാത്രിയിൽ നശിപ്പിച്ചത്. കട ഉടമ ജെസി വർഗീസ് പോലീസിൽ പരാതി നൽകി.

കേരള സ്റ്റേറ്റ് എക്സ് - സർവ്വീസസ് ലീഗ്
കണ്ണൂർ ജില്ല
വിമുക്ത ഭടൻമാരോട് കേന്ദ്രസർക്കാരിന്റെ അവഗണനക്കെതിരെ
പ്രതിഷേധറാലിയും ധർണ്ണയും

വിമുക്തഭടൻമാർ കണ്ണൂരിൽ നടത്തിയ പ്രതിഷേധ റാലി

വിമുക്ത ഭടൻമാരുടെ ഹെഡ്പോസ്റ്റോഫീസ് ധർണ

കണ്ണൂർ: വിമുക്ത ഭടൻമാരോട് കേന്ദ്രസർക്കാർ കാണിക്കുന്ന വിവേചനത്തിനെതിരേ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് ലീഗിന്റെ ആഭിമുഖ്യത്തിൽ ഹെഡ് പോസ്റ്റോഫീസിന് മുന്നിൽ ധർണ നടത്തി. യുദ്ധ സ്മാരകത്തിൽ നിന്ന് ആരംഭിച്ച പ്രതിഷേധ റാലി നഗരം ചുറ്റിയാണ് പോസ്റ്റോഫീസിൽ ധർണക്കെത്തിയത്. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്തു. എക്സ് സർവ്വീസ് ലീഗ് ജില്ലാ പ്രസിഡണ്ട് കേണൽ പി. കണ്ണൻ അധ്യക്ഷത വഹിച്ചു. ലഫ്. ജനറൽ വിനോദ് നായനാർ, പി.കെ. പത്മനാഭൻ സംസാരിച്ചു. ആർ.കെ. ദാമോദരൻ സ്വാഗതം പറഞ്ഞു.

കാറിന് പിറകിൽ ബുള്ളറ്റ് ഇടിച്ച് യുവാവിന് പരിക്ക്

പയ്യന്നൂർ: കാറിന് പിറകിൽ ബുള്ളറ്റ് ഇടിച്ച് യുവാവിന് ഗുരുതര പരിക്ക്. പരിക്കേറ്റ കോറോം സ്വദേശി അഭിജിത്തിനെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി 11 മണിയോടെ പെരുമ്പ കെ.എസ്.ആർ.ടി.സി ഡിപ്പോക്ക് സമീപമാണ് അപകടം. ബാർ ജീവനക്കാരനായ അഭിജിത് ജോലി കഴിഞ്ഞ് വീട്ടിലേക്ക് പോകവെയാണ് അപകടത്തിൽപ്പെട്ടത്.

പ്രവാസി തട്ടിപ്പ്: പ്രതികളുടെയും ബന്ധുക്കളുടെയും വീടുകളിൽ പാതിരാത്രിയിലും റെയ്ഡ്

തളിപ്പറമ്പ: മുന്നോറോളം പേരിൽ നിന്ന് ഒരു കോടിയിലേറെ രൂപ തട്ടിയെടുത്ത് മുങ്ങിയ പ്രവാസി സംഘം മുൻ ഏരിയാ സെക്രട്ടറി എൻ. കൃഷ്ണൻ, ജീവനക്കാരി കവിത രാജീവൻ എന്നിവർക്കായി വ്യാപക റെയ്ഡ്. കൃഷ്ണന്റെ പറശിനിക്കടവിലെ വീട്ടിലും കവിതയുടെ കടമ്പേരിയിലെ അഴീക്കോട്ടെയും വീട്ടിലുമാണ് എസ്.ഐ ദിനേശന്റെ നേതൃത്വത്തിൽ ഇന്നലെ രാത്രി പരിശോധന നടത്തിയത്. വനിത പോലീസിന്റെ സഹായത്തോടെ നടത്തിയ പരിശോധനയിൽ ഇരുവരെയും കണ്ടെത്താൻ കഴിഞ്ഞില്ല. കവിതയുടെ അമ്മയും കുട്ടികളും മാത്രമാണ് വീട്ടിലുണ്ടായിരുന്നത്. കവിതയെ കുറിച്ച് ഒരു വിവരവും ഇല്ലെന്നാണ് അമ്മ പോലീസിനോട് പറഞ്ഞത്. കവിതയുടെ മരുമകൾ മുറിയാത്തോട്ടിലെ അനശ്വരയുടെ വീട്ടിലും പോലീസ് പരിശോധന നടത്തി. അനശ്വരയും പ്രവാസി സംഘം ഓഫീസിൽ ജീവനക്കാരിയായിരുന്നെന്നാണ് തട്ടിപ്പിന് വിധേയരായവർ പറയുന്നത്. അഴീക്കോടെ കവിതയുടെ തറവാട്ട് വീട്ടിലും പരിശോധന നടത്തി.

മലേഷ്യ വിസ തട്ടിപ്പ്: മാത്യുവിനെ പോലീസ് കസ്റ്റഡിയിൽ വാങ്ങി

ആലക്കോട്: മലേഷ്യയിലേക്ക് വിസ വാഗ്ദാനം ചെയ്ത് മലയോരത്തെ നിരവധി പേരിൽ നിന്നായി ലക്ഷങ്ങൾ തട്ടിയെടുത്ത കേസിൽ ജയിലിൽ കഴിയുന്ന പ്രതിയെ പോലീസ് കസ്റ്റഡിയിൽ വാങ്ങി. വിളക്കണ്ണൂർ സ്വദേശിയും ഇപ്പോൾ തൃശൂർ ചേറായിൽ താമസക്കാരനുമായ പുറങ്ങനാൽ മാത്യുവിനെയാണ് (40) ആലക്കോട് എസ്.ഐ. ടി. സുനിൽകുമാറിന്റെ നേതൃത്വത്തിൽ ചോദ്യം ചെയ്യലിനായി കസ്റ്റഡിയിൽ വാങ്ങിയത്. 2016 ലാണ് ഇയാൾ മലയോരം കേന്ദ്രീകരിച്ച് വൻ വിസ തട്ടിപ്പ് നടത്തി മുങ്ങിയിരുന്നത്. കഴിഞ്ഞ സപ്തംബർ 20ന് രാത്രിയിൽ വായാട്ടുപറമ്പിലെ ഒരു വീട്ടിലെത്തിയ മാത്യുവിനെ തട്ടിപ്പിന് ഇരയായവർ ചേർന്ന് പിടികൂടി പോലീസിൽ ഏൽപ്പിച്ചിരുന്നു. തുടർന്ന് മാത്യുവിനെതിരെ നിരവധി കേസുകളും എടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് മാത്യുവിനെ കൂടുതൽ തെളിവെടുപ്പിനായാണ് പോലീസ് കസ്റ്റഡിയിൽ വാങ്ങിയത്. ചോദ്യം ചെയ്യലിന് ശേഷം ഇയാളെ തിരികെ കോടതിയിൽ ഹാജരാക്കി വീണ്ടും റിമാന്റ് ചെയ്തു.

ഹോളി മെഡി കെയർ
കണ്ണൂർ
സംഘടിപ്പിക്കുന്ന
WELLNES MEET
LCHF(KETO)
നേട്ടങ്ങളും കോട്ടങ്ങളും
ജീവിത ശൈലി രോഗങ്ങളാൽ
ബുദ്ധിമുട്ടനുഭവിക്കുന്ന ലക്ഷക്കണക്കിന്ആളുകൾക്ക്
ആശ്വാസവും പ്രതീക്ഷയും നൽകി ആരോഗ്യ രംഗത്ത് വിസ്മയ വിപ്ലവം
സൃഷ്ടിക്കുന്ന LCHF- കുറിച്ച്കൂടുതൽ അറിയുവാൻ
അവസരമൊരുക്കുന്നു.
LCHF-ഡയറ്റ് പിന്തുടരുന്നവരുടെ അനുഭവസാക്ഷ്യം
ആരോഗ്യ വൈദ്യശാസ്ത്ര
മേഖലയിലുള്ളവരുടെ സാനിധ്യം. ഇതിനെ കുറിച്ച് കൂടതലറിയാൻ
താൽപര്യമുള്ള ഏവരേയും സഹർഷം സ്വാഗതം ചെയ്യുന്നു.
2018 ഒക്ടോബർ 13 ശനി
2 PM
സ്ഥലം:
തളിപ്പറമ്പ് സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം
(ബസ്സ്റ്റാന്റിന് സമീപം)
വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും
☎8921519269
(Call Evning 7 to 9pm only)
9947780515 (Watsap only)

ഏഴോം സർവ്വീസ് സഹകരണ ബാങ്ക്
H.O: ഏഴോം, കണ്ണൂർ, ഫോൺ: 0497 2870232
താൽപര്യപത്രം
File No. 2018/10/08-EOI/01
കണ്ണൂർ. ഏഴോം സർവീസ് സഹകരണ ബാങ്കിന്റെ ടൂറിസം വികസനത്തിന്റെ ഭാഗമായി ഇപ്പോഴുള്ള ബിൽഡിംഗ് നവീകരിക്കുന്നതിനും വെബ്സൈറ്റ്, ഓൺലൈൻ ബുക്കിംഗ് സംവിധാനം പുതുതായി നിർമ്മിക്കുന്നതിനും താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും താൽപര്യപത്രം 12-10-2018നോ അതിനു മുമ്പായി ഏഴോം സർവീസ് സഹകരണ ബാങ്കിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. The Secretary: **9446771526**

ചരമം

ഉമ്മർ

തളിപ്പറമ്പ: ആടിക്കുംപാറ മറിയം മസ്ജിദിന് സമീപത്തെ കൊടിയിൽ ഉമ്മർ (68) നിര്യാതനായി. ഭാര്യ: കടുങ്ങാൻ ഹൗസിൽ സുഹറ. മക്കൾ: ആമിന, ആരിഫ, സബീന, ബഷീർ, നൗഫൽ (മലേഷ്യ), ആബിദ്. മരുമക്കൾ: മുസ്തഫ, ഷാഹുൽ ഹമീദ്, ജബാർ, നുസ്രത്, സഫീന. സഹോദരങ്ങൾ: അബ്ദുള്ള, ഖദീജ, ഹാജിറ, പരേതയായ ഫാത്തിമ.

കല്യാണി അമ്മ

പയ്യന്നൂർ: എടനാട് കണ്ണങ്ങാട്ട് ഭഗവതി ക്ഷേത്രത്തിന് സമീപം താമസിക്കുന്ന മാത്രാടൻ പുതിരക്കാൻ കല്യാണി അമ്മ (92) നിര്യാതയായി. ഭർത്താവ്: പരേതനായ എടിച്ചേരി കുഞ്ഞിരാമൻ. മകൻ: എം.പി. പ്രേംകുമാർ. മരുമകൾ: സി.പി. മാധവി. സഹോദരങ്ങൾ: എം.പി. ഭാസ്ക്കരൻ, എം.പി. മധുസൂദനൻ, പരേതയായ മീനാക്ഷി അമ്മ.

പാപ്പച്ചൻ

കണ്ണൂർ: ബർണ്ണശേരിയിലെ മാടശേരി എം.സി. പാപ്പച്ചൻ (69) നിര്യാതനായി. തിരുവേപ്പതി മിൽ ജീവനക്കാരനായിരുന്നു. ഭാര്യ: ആലക്കോട് കാഞ്ഞിരക്കാട്ടുകുന്നേൽ കുടുംബാംഗം ആലീസ്. മക്കൾ: ബോബി (അധ്യാപിക, സെന്റ് തെരേസാസ് സ്കൂൾ, കണ്ണൂർ), ജുബിൻ. മരുമകൻ: ചാൾസ് ജോസഫ് (കൈരളി റിസോർട്ട്, കണ്ണൂർ). സഹോദരങ്ങൾ: പോളച്ചൻ (ഹൈദരാബാദ്), പരേതരായ ജോസ്, വർഗീസ്.

കൊട്ടൻ

കൂവേരി: രാമപുരത്തെ മീത്തലെപുരയിൽ എം.സി. കൊട്ടൻ (78) നിര്യാതനായി. ആദ്യകാല കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനായിരുന്നു. ഭാര്യ: മീനാക്ഷി. മക്കൾ: നളിനി, ലളിത. മരുമക്കൾ: സുഗുണൻ (മംഗലാപുരം), സുജിത്ത് (വേളാപുരം).

ഹരിദാസൻ

കക്കാട്: പാലക്കാട് സ്വാമി മഠത്തിനടുത്ത് പാമ്പൻവീട്ടിൽ ഹരിദാസൻ(66 - എൻ.എം.ഡി.സി അബുദാബി)നിര്യാതനായി. പരേതനായ എം. കരുണാകരന്റെയും പാമ്പൻ കാർത്യായനിയുടെയും മകനാണ്. ഭാര്യ: കാസർക്കോട് മനക്കാടൻ ചൂരിയിൽ കുടുംബാംഗം ചിത്ര. മകൻ: അഭിരാം (എഞ്ചിനീയറിംഗ് വിദ്യാർത്ഥി മംഗലാപുരം). സഹോദരങ്ങൾ: പവിത്രൻ, സദാശിവൻ, സുഭാഷ് (ഓഷ്യാനിക് കാർഗോ, കൊച്ചി), സുധീഷ് (റബ്കോ ഡീലർ, കണ്ണൂർ), പരേതരായ പ്രേംരാജ്, സരസ. സംസ്കാരം നാളെ ഉച്ചക്ക് ഒരു മണിക്ക് പയ്യാമ്പലത്ത്.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 296 RNI Reg.No.KER MAL/2007/22043